# തകർച്ചയിൽ കോൾപാടങ്ങൾ

## ■ നെൽകൃഷി ഇറക്കാനാകാതെ കർഷകർ

Malayala Manorama 01-09-18, P-17



എളവള്ളി കണിയാംതുരുത്ത് കോൾപടവിൽ കൃഷിയിറക്കാനായി ശേഖരിച്ച 2800 കിലോ ഉമ നെൽവിത്ത് വെള്ളം കയറി നശിച്ച നിലയിൽ.



ബ്രഹ്മകുളത്ത് സ്മൃതി സ്വയം സഹായ സംഘം ഓണത്തിന് വിളവെടുപ്പ് നടത്താനായി നടത്തിയ കരനെല്ല് കൃഷി വെള്ളം കയറി നശിച്ച നിലയിൽ.



വെള്ളം കുത്തിയൊഴുകി വെങ്കിടങ്ങ് കിഴക്കേ കരിമ്പാടം കോൾപടവിൽ ബണ്ട് തകർന്ന നിലയിൽ.

പാവറട്ടി ● പ്രളയം കോൾ മേഖലയുടെ നട്ടെല്ലൊടിച്ചു.വെങ്കിടങ്ങ് - മുല്ലശേരി കോൾമേഖലയിലും എളവള്ളി നോൺ കോൾ മേഖലയിലും കനത്ത നാശം വിതച്ചാണ് പ്രളയം കടന്നു പോയത്. ഭൂരിഭാഗം മോട്ടോറുകളും വെള്ളത്തിൽ മുങ്ങി കിടന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതെയായി. പെട്ടിപറകൾ നശിച്ചു. ബണ്ടുകൾ പലയിടത്തും വ്യാപകമായി തകർന്നു. പാടശേഖരങ്ങളിൽ ജലനിയന്ത്രണം നടത്തുന്ന സ്ലൂയിസുകളുടെ പലകകൾ ഒഴുകിപ്പോയി.

പാടശേഖരങ്ങളിലും ചാലുകളിലും ചെളിയും ചണ്ടിയും നിറഞ്ഞ് കിടക്കുകയാണ്. സമയത്തിന് കൃഷിയിറക്കാനാകാത്ത പ്രതിസന്ധിയിലാണ് കോൾ നിലങ്ങൾ. ഈ മേഖലയിൽ ഭൂരിഭാഗവും അത്തം ഞാറ്റുവേലയോടനുബന്ധിച്ച് കൃഷിയിറക്കുന്ന പതിവാണ് ഉള്ളത്. അതിന് ഒരുക്കങ്ങൾ തുടങ്ങേണ്ട സമയമായിട്ടും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്.

### വെങ്കിടങ്ങിൽ നഷ്ടം 50 ലക്ഷം

തെക്കെ കോഞ്ചിറ, വടക്കെ കോഞ്ചിറ, എലമുത, കിഴക്കെ കരിമ്പാടം, പടഞ്ഞാറെ കരിമ്പാടം, പൊണ്ണമുത, തണ്ണീർക്കായൽ, പാടൂർ പുളിപ്പാണ്ടി എന്നീ കോൾപ്പടവുകളാണ് വെങ്കിടങ്ങിൽ ഉള്ളത്.എല്ലാ കോൾപ്പടവുകളുടെയും മോട്ടോറുകൾ വെള്ളത്തിൽ മുങ്ങി പ്രവർത്തനരഹിതമായി. വടക്കെ കോഞ്ചിറ,കിഴക്കെ കരിമ്പാടം,പടിഞ്ഞാറെ കരിമ്പാടം,തണ്ണീർക്കായൽ എന്നിവടങ്ങളിലെ പെട്ടിപ്പറകളും നശിച്ചു.

വെള്ളം ശക്തിയായി കുത്തിയൊലിച്ച് തെക്കെ കോഞ്ചിറ, വടക്കെ കോഞ്ചിറ,കരിമ്പാടം എന്നിവടങ്ങളിലെ ബണ്ടുകളിൽ ഒട്ടേറെ കഴകൾ വീണിട്ടുണ്ട്.തകർന്ന ബണ്ടുകൾ പുനർനിർമിക്കാതെയും മറ്റിടങ്ങളിൽ ബണ്ട് ബലപ്പെടുത്താതെയും കൃഷിയിറക്കാനാകില്ല.വടക്കേ കോഞ്ചിറ കോൾപ്പടവിന്റെ മേൽക്കൂര തകർന്നു. തണ്ണീർകായലിലും ഏലമുതയിലും സ്ലൂയിസുകളുടെ പലകകൾ ഒലിച്ചുപോയി.

### എളവള്ളിയിലും നാശനഷ്ടങ്ങളേറെ

എളവള്ളി പഞ്ചായത്തിലെ നോൺ കോൾ പാടശേഖരങ്ങളായ കാക്കതുരുത്ത്,കുണ്ടുപാടം,ബ്രാലായി,കുറ്റിക്കാട്ട്,ചെമ്മങ്ങാട്,കോക്കൂർ പടവുകളിലെ മോട്ടോറുകളെല്ലാം തകരാറിലായി.എല്ലാംകൂടി 3.5 ലക്ഷം രൂപയുടെ നഷടമാണ് ഉണ്ടായിട്ടുള്ളത്.ബ്രഹ്മക്കുളത്ത് സ്മൃതി സ്വയം സഹായ സംഘം ഓണത്തിനായി കൃഷിയിറക്കിയ രണ്ടേക്കർ കരനെല്ലും പച്ചക്കറി, ചെണ്ടുമല്ലി, വാഴകൃഷി എന്നിവയും നശിച്ചു.

### കൂടുതൽ നാശം കണിയാംതുരുത്തിൽ

എളവള്ളി പഞ്ചായത്തിലെ ഏക കോൾപ്പടവായ .. കണിയാംതുരുത്തിലാണ് കൂടുതൽ നാശം. ഇവിടെ ഒന്നാംപൂ കൃഷിയിറക്കിയതിന് ശേഷം രണ്ടാംപൂ ഉടനെ ഇറക്കാനായി തയ്യാറെടുപ്പുകൾ നടത്തിയിരുന്നു.കൃഷിയിറക്കാനായി കൃഷി വകുപ്പ് മുഖേന സംഭരിച്ച 2800 കിലോ ഉമ നെൽവിത്ത് വെള്ളം കയറി നശിച്ചു. കിലോയ്ക്ക് 40 രൂപ പ്രകാരം 1.12 ലക്ഷം രൂപ വിത്തിനത്തിൽ പോയി.പാടശേഖരത്തിലിടാനായി കരുതിയ 12000 കിലോ നീറ്റുകക്കയും നശിച്ചു.കൂടാതെ ഈ പടവിലും മോട്ടോറുകൾ നശിച്ചിട്ടുണ്ട്.

### മുല്ലശേരിയിൽ നഷ്ടം 70 ലക്ഷം

15 പാടശേഖരങ്ങളുള്ള മുല്ലശേരി പഞ്ചായത്തിൽ 70 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്.ചെറുതും വലുതുമായിട്ടുള്ള 50 മോട്ടോറുകളാണ് നശിച്ചത്.

മതുക്കര തെക്ക്, മതുക്കര വടക്ക്, കണ്ണോത്ത് - മണൽപ്പുഴ, എലവത്തൂർ കിഴക്ക് എന്നീ പടവുകളിലായി അഞ്ച് പെട്ടിപറകൾ നശിച്ചു.

പെരുവല്ലൂർ കോൾ ബണ്ട്, പെരുവല്ലൂരിൽ നിന്ന് മതുക്കരയിലേക്കുള്ള കോൾ ബണ്ട്, പാവുട്ടായി പടവ്, പെരുവല്ലൂർ താഴം എലവത്തൂർ കിഴക്ക് എന്നിവടങ്ങളിലെല്ലാം ബണ്ട് തകർന്നു. പൂർണമായി വെള്ളത്തിൽ മുങ്ങിയ മണൽപ്പുഴ - കണ്ണോത്ത് പടവിൽ കൂടുതൽ നാശനഷ്ടങ്ങളുണ്ട്.ഓഫിസ് പൂർണമായി മുങ്ങിയതിനാൽ രേഖകളെല്ലാം നശിച്ചു.ട്രാക്ടറും ടില്ലറും വെള്ളത്തിൽ കിടന്ന് പ്രവർത്തനക്ഷമമല്ലാതായി.